"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പുഴാതി ഗ്രാമപഞ്ചായത്തിൽ 2009-2012 സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതികളിലെ നിർവ്വഹണ വീഴ്ചമൂലം സർക്കാരിനുണ്ടായ 91,786/- രൂപയുടെ സാമ്പത്തിക നഷ്ടം ആയതിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. മുഹമ്മദ് ഷെഫീഖിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1472/2025/LSGD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18/09/2023 ലെ C6-(VC-11/2015/KNR)12097/2015/DVACB നമ്പർ കത്ത്.
2. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി യുടെ 07/08/2024 ലെ VC 11/15/KNR നമ്പർ കേസിന്മേലുള്ള വിധിന്യായം.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ പുഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 2009-2012 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ സാമ്പത്തിക നഷ്ടമുണ്ടാക്കുകയും 164/11-12, 165/11-12, പ്രോജക്ടുകളിൽ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ വകയിൽ കമ്പ്യൂണറ്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ മാനേജരുമായി ചേർന്ന് ഗൂഢാലോചന നടത്തി പഞ്ചായത്തിന് സാമ്പത്തിക നഷ്ടവും പ്രതികൾക്ക് സാമ്പത്തിക ലാഭവും ഉണ്ടാക്കി എന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പഞ്ചായത്തിലെ പരാമർശ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. മുഹമ്മദ് ഷെഫീഖ്-നെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 11/15/KNR നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. തുടർന്ന്, മേൽ നടപടികൾ മൂലം പഞ്ചായത്തിനും സർക്കാരിനുമുണ്ടായ 91,786/- രൂപ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മുഹമ്മദ് ഷെഫീഖിൽ നിന്നും തിരിച്ചു പിടിക്കുന്നതിനു വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിലൂടെ സർക്കാരിനുണ്ടായ 91,786/- രൂപയുടെ നഷ്ടം പുഴാതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.മുഹമ്മദ് ഷെഫീഖിൽ നിന്നും തിരിച്ചു പിടിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്ത് തലശ്ശേരി വിജിലൻസ് കോടതിയിൽ വിജിലൻസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് ബഹു. കോടതി പരാമർശം (2) പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, കണ്ണൂർ ജില്ലയിലെ പുഴാതി ഗ്രാമപഞ്ചായത്തിൽ 2009-2012 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിലൂടെ സർക്കാരിനുണ്ടായ 91,786/- രൂപയുടെ നഷ്ടം പദ്ധതി നിർവ്വഹണോദ്യോഗസ്ഥനും പുഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന ശ്രീ.കെ.പി.മുഹമ്മദ് ഷെഫീഖിൽ നിന്നും തിരിച്ചു പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കണ്ണൂർ.
4. വിജിലൻസ് (ഡി) വകുപ്പ് (11/04/2025 ലെ VIG-D2/9/2018-VIG നമ്പർ ഫയൽ കുറിപ്പ് പ്രകാരം).
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഇപിബി3/397/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 19-06-2025 10:15:54

സെക്ഷൻ ഓഫീസർ